(സി) ടൂറിസ്റ്റുകളെയും വഹിച്ചുകൊണ്ടുവരുന്ന കപ്പലുകൾക്ക് ഇത്തരം തുറ മുഖങ്ങളിൽ എത്തണമെങ്കിൽ അവ വാർഫിനോട് ചേർത്ത് അടുപ്പിക്കുവാൻ വേണ്ട സൗകര്യം ആവശ്യമാണോ എന്ന് വ്യക്തമാക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം എന്നീ ചെറുകിട തുറമുഖങ്ങളിൽ കപ്പലുകൾക്ക് വാർഫിനോട് ചേർന്ന് നങ്കൂരമിടുന്നതിനുള്ള സൗകര്യമുണ്ട്.

(ബി) വികസന സാദ്ധ്യതയുള്ള തുറമുഖങ്ങളിൽ ഇതിനുള്ള സൗകര്യം ഉണ്ടാക്കുവാൻ ഉദ്ദേശമുണ്ട്.

(ഡി) ടൂറിസ്റ്റുകളേയും വഹിച്ചുകൊണ്ടുവരുന്ന കപ്പലുകൾക്ക് ഇത്തരം സൗകര്യം നിർബന്ധമില്ല.

കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം

21 (* 728) ശ്രീ. എം. കുമാരൻ :
ശ്രീ. ബിനോയ്വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ അവസാനമായി ശമ്പളപരിഷ്കരണം നടത്തിയത് എന്നാണ് ;

(ബി) എത്ര കോടി രൂപയുടെ അധിക ആനുകൂല്യമാണ് ഈ സമയത്ത് ജീവനക്കാർക്ക് ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ മരവിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) പെൻഷൻകാരുടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ മരവിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) 1-3-1997 മുതൽ പ്രാബല്യത്തോടെ 13-4-1999-ലാണ് കെ.എസ്.ആർ.ടി.സി. യിൽ അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത്.

(ബി) പ്രതിമാസം 4.35 കോടി രൂപയുടെ അധിക ആനുകൂല്യമാണ് ഇതുമൂലം ജീവനക്കാർക്ക് ലഭിച്ചത്.

(സി) ഇല്ല.

(ഡി) പെൻഷൻകാരുടെ ആനുകൂല്യങ്ങൾ ഒന്നും തന്നെ മരവിപ്പിച്ചിട്ടില്ല.

ഭരണനവീകരണം തൊഴിൽ മേഖലയിൽ

22 (* 729) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണത്തിനുള്ള സർക്കാർ പരിപാടിയിൽ തൊഴിൽ മേഖലയിൽ എന്തെല്ലാം നവീകരണങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly